ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ




**ജോയ് തമലം**

Published: 7 August 2024 കവിത

# 'കാലുളുക്കാത്തവരുടെ രാഷ്ട്രീയം'

1

കണ്ണിൽ 'കണ്ണിൽ'

അല്ല

കരളിൽ

ഒരു

മുള്ളുകൊണ്ടു.

വാക്കിന്

വിക്ക്

വന്നു.

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

2

ദൈവം പറഞ്ഞു

'നീ

വെറും മനുഷ്യനാണ്.'

അയാളുടെ കണ്ണുകളിൽ

തറപ്പിച്ച് നോക്കി

മനുഷ്യൻ

പറഞ്ഞു

'നിന്നെ സൃഷ്ടിച്ചത് ഞാനാണ്

പിന്നെയാണ്

നമ്മൾ

കൈകോർത്ത്

സഖാക്കളായത് '.

നാണയത്തിളക്കത്തിൽ

മതിമറക്കും വരെ

പച്ച

മനുഷ്യനെ

ഒറ്റുകൊടുക്കുക.

കൊത്തിപ്പറിക്കുക.

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

3

ഒരു

ശവം

അമ്മയുടെ

മടിയിൽ

കിടപ്പുണ്ട്.

സ്വന്തം തലയോട്ടി

തെരുവിലേക്ക് നീട്ടി

ഒരു

കബന്ധം

ഭിക്ഷ

ചോദിക്കുന്നു.

ക്രൂശിതരായ മനുഷ്യരുടെ

ജീവിതം

ഇങ്ങനെയാണ്.